ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

TIME: 06.30 PM DATE:25.11.2025

## പ്രധാനവാർത്ത

1. സത്യത്തിലും നീതിയിലും അധിഷ്ഠിതമായ വികസനത്തിനാണ് രാജ്യം പ്രാധാന്യം നൽകുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

2. തദ്ദേശ തിരഞ്ഞെടുപ്പിനുള്ള പോസ്റ്റൽ ബാലറ്റ് പേപ്പറുകളുടെ അച്ചടി ആരംഭിച്ചതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ.

RNU TVPM

3. ശബരിമലയിൽ ഭക്തർക്ക് ദർശനം സുഗമമാക്കുന്നതിന് എരുമേലിയിൽ കൂടി സ്പോട് ബുക്കിങ് നടത്താൻ തീരുമാനിച്ചാതായി ദേവസ്വം ബോർഡ് പ്രസിഡന്റ് കെ ജയകുമാർ. അന്നദാനത്തിൽ കേരളീയ സദ്യ നൽകാനും തീരുമാനം.

4. ലോകത്ത് സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നതായി

ഐക്യരാഷ്ട്രസഭ. ലോകമെമ്പാടും ഓരോ 10 മിനിറ്റിലും ഒരു സ്ത്രീയോ പെൺകുട്ടിയോ കൊല്ലപ്പെടുന്നുണ്ടെന്നും റിപ്പോർട്ട്.

5. സംസ്ഥാനത്ത് ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. നാളെ തിരുവനന്തപുരം, കൊല്ലം,പത്തനംതിട്ട ജില്ലകളിൽ മഞ്ഞ ജാഗ്രത. കേരള - ലക്ഷദ്വീപ് തീരങ്ങളിൽ ശനിയാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക്.

6. അണ്ടർ 23 വനിതാ ടൻ്റി 20 ചാമ്പ്യൻഷിപ്പിൽ ഝാർഖണ്ഡിനെതിരെ കേരളത്തിന് നാല് വിക്കറ്റ് ജയം..

RNU TVPM

❋❋❋❋❋❋❋❋❋❋❋❋❋

## പിഎം കുരുക്ഷേത്ര

സത്യത്തിലും നീതിയിലും അധിഷ്ഠിതമായ വികസനമാണ് രാജ്യത്ത് നടക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഹരിയാനയിലെ കുരുക്ഷേത്രയിൽ ഗുരു തേജ് ബഹാദൂറിന്റെ 350-ാമത് ഷഹീദി ദിവസ് അനുസ്മരണത്തിനായുള്ള പ്രത്യേക

പരിപാടിയിൽ പങ്കെടുക്കുകയായിരുന്നു പ്രധാനമന്ത്രി. സത്യവും ധർമ്മവും വിശ്വാസവും സംരക്ഷിക്കുന്നതിന് സ്വന്തം ജീവൻ തന്നെ ത്യാഗം ചെയ്ത വ്യക്തിയാണ് ഗുരു തേജ് ബഹാദൂറെന്ന് പ്രധാനമന്ത്രി പറഞ്ഞു. ഗുരുവിന്റെ അനുസ്മരണാർത്ഥം പ്രത്യേക നാണയവും സ്മാരക സ്റ്റാമ്പും ശ്രീ.മോദി പുറത്തിറക്കി.

❋❋❋❋❋❋❋❋❋❋❋❋❋

**തദ്ദേശ തിരഞ്ഞെടുപ്പ്**

തദ്ദേശസ്ഥാപന പൊതുതിരഞ്ഞെടുപ്പിനുള്ള പോസ്റ്റൽ ബാലറ്റ് പേപ്പറുകളുടെയും വോട്ടിംഗ് യന്ത്രങ്ങളിൽ പതിപ്പിക്കുന്ന ബാലറ്റ് ലേബലുകളുടെയും അച്ചടി വിവിധ സർക്കാർ പ്രസ്സുകളിൽ ആരംഭിച്ചതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ ഷാജഹാൻ. ഭാഷാ ന്യൂനപക്ഷങ്ങളുള്ള നിയോജകമണ്ഡലങ്ങളിൽ സ്ഥാനാർത്ഥികളുടെ പേര് തമിഴ്/കന്നട ഭാഷകളിൽ കൂടി

RNU TVPM

ചേർക്കും. വിവിധ തിരഞ്ഞെടുപ്പ് ജോലികൾക്കായി 2 ലക്ഷത്തി 56,934 ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ടെന്നും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## സ്ഥാനാർത്ഥികൾ

തദ്ദേശ തിരഞ്ഞെടുപ്പിൽ ജനവിധി തേടാൻ സംസ്ഥാനത്തെ 23,562 വാർഡുകളിലായി ഇത്തവണ 72,005 സ്ഥാനാർത്ഥികൾ. ഇതിൽ 37,786 സ്ത്രീകളും 34,218 പുരുഷൻമാരും ഒരു ട്രാൻസ്ജെൻഡറുമുണ്ട്. സ്ഥാനാർത്ഥികളുടെ അന്തിമ പട്ടിക റിട്ടേണിങ് ഓഫീസർമാർ പ്രസിദ്ധീകരിച്ചു. കണ്ണൂരിലെ മൂന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 14 എൽ.ഡി.എഫ് സ്ഥാനാർത്ഥികൾ എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടു.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

## എസ്.ഐ.ആർ-സംസ്ഥാനം

സംസ്ഥാനത്ത് തീവ്രവോട്ടർപട്ടിക പരിഷ്ക്കരണത്തിന്റെ ഭാഗമായി ഡിജിറ്റൈസ് ചെയ്ത ഫോമുകളുടെ എണ്ണം 76 ലക്ഷത്തി 37 ആയിരത്തി 216 ആയി ഉയർന്നതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ. അതെസമയം, എന്യൂമറേഷൻ ഫോമുകൾ സംബന്ധിച്ച് പൊതുജനങ്ങളെ സഹായിക്കുന്നതിന് ജില്ലകളിൽ ബൂത്ത് തല വോട്ടർ ഫെസിലിറ്റേഷൻ സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

RNUTVPM

## തിരഞ്ഞെടുപ്പ് ഓഫീസർ

സ്കൂളുകളിലും കോളേജുകളിലുമുള്ള വിദ്യാർത്ഥികൾ ഇലക്ടറൽ ലിറ്ററസി ക്ലബ്ബുകളുടെ ഭാഗമാണെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ. സംവേദനാത്മകമായ പ്രവർത്തനങ്ങളിലൂടെയും പ്രായോഗിക അനുഭവങ്ങളിലൂടെയും വിദ്യാർത്ഥികൾക്ക് തിരഞ്ഞെടുപ്പ് സംവിധാനത്തിന്റെ

ഭാഗമാകാനുള്ള വേദിയായിട്ടാണ് ഈ ക്ലബ്ബുകൾ പ്രവർത്തിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. SIR പ്രവർത്തനങ്ങൾക്ക് സ്കൂൾ കുട്ടികളുടെ സേവനം ഏലത്തൂർ ERO ആവശ്യപ്പെട്ടതായ വാർത്തയുടെ അടിസ്ഥാനത്തിൽ ERO യുമായി സംസാരിച്ചതായി മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ പറഞ്ഞു. അധ്യാപകരുടെ സമ്മതത്തോടെ പഠനത്തിന് തടസ്സമുണ്ടാവാത്ത രീതിയിൽ സ്വമേധയാ തയ്യാറാവുന്ന കുട്ടികളുടെ സേവനം ഉപയോഗപ്പെടുത്താനാണ് ഉദ്ദേശിച്ചിരുന്നതെന്നും മറിച്ചുള്ള വാർത്തകൾ തെറ്റിദ്ധാരണമൂലമാണെന്നും അദ്ദേഹം പറഞ്ഞു.

RNUTVPM

## വിദ്യാർത്ഥി- തിരഞ്ഞെടുപ്പ്- വി ശിവൻകുട്ടി.

വോട്ടർ പട്ടിക പുതുക്കൽ ഉൾപ്പെടെയുള്ള തിരഞ്ഞെടുപ്പ് അനുബന്ധ ജോലികൾക്കായി എൻ.എസ്.എസ്, NCC വോളണ്ടിയർമാരായ

വിദ്യാർത്ഥികളെ നിയോഗിക്കാനുള്ള ചില റവന്യൂ ഉദ്യോഗസ്ഥരുടെ ആവശ്യം പഠനത്തെ തടസപ്പെടുത്തുമെന്ന് മന്ത്രി വി ശിവൻകുട്ടി . വിദ്യാർത്ഥികളുടെ പഠനം തടസ്സപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്താൻ വിദ്യാഭ്യാസ വകുപ്പ് ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

**കെ. ജയകുമാർ (ഇൻട്രോ)**

ശബരിമലയിലെ ക്രമീകരണങ്ങൾ സംബന്ധിച്ച് ഇന്ന് ദേവസ്വം ബോർഡ് പ്രസിഡന്റ് കെ ജയകുമാറിന്റെ നേതൃത്വത്തിൽ അവലോകനം യോഗം ചേർന്നു. എരുമേലിയിൽ കൂടി സ്പോട് ബുക്കിങ് നടത്താൻ തീരുമാനിച്ചതായി ദേവസ്വം
ബോർഡ് പ്രസിഡന്റ് വാർത്താസമ്മേളനത്തിൽ അറിയിച്ചു. ശബരിമലയിലെ അന്നദാനത്തിൽ

RNU TVPM

പുലാവും സാമ്പാറും ഒഴിവാക്കി കേരളീയ സദ്യ നൽകാൻ തീരുമാനിച്ചു.

(വോയ്സ്......)

ശബരിമലയിൽ ഇന്ന് നടതുറന്നതു മുതൽ വൈകുന്നേരം ആറു മണി വരെ 65,583 പേരാണ് ദർശനം നടത്തിത്. സന്നിധാനത്തും പരിസരപ്രദേശങ്ങളിലും

പൊലീസിന്റെ പുതിയ ബാച്ചും ഇന്ന് ചുമതലയേറ്റു

RNU TVPM

☸☸☸☸☸☸☸☸☸☸☸☸☸

**വീണാ ജോർജ്**

ശബരിമല മണ്ഡലകാലം ആരംഭിച്ചത് മുതൽ ഭക്ഷ്യ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ പ്രത്യേക സ്കാഡുകൾ 350 പരിശോധനകൾ നടത്തിയതായി മന്ത്രി വീണാ ജോർജ്. ഭക്ഷ്യ സംരംഭകർക്ക് 8 ബോധവൽക്കരണ

പരിപാടികളും രണ്ട് ലൈസൻസ് രജിസ്ട്രേഷൻ മേളകളും സംഘടിപ്പിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

**സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ(ഇൻട്രോ)**

ലോകത്ത് സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നതായി ഐക്യരാഷ്ട്രസഭാ റിപ്പോർട്ട് . സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ ഉന്മൂലനം ചെയ്യുന്നതിനുള്ള അന്താരാഷ്ട്ര ദിനമായ ഇന്നാണ് റിപ്പോർട്ട് പ്രസിദ്ധീകരിച്ചത്.

***വിശദാംശങ്ങളിലേക്ക്....***

***(വോയിസ്)***

❁❁❁❁❁❁❁❁❁❁❁❁❁

**സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ(വോയിസ്)**

ലോകമെമ്പാടും ഓരോ 10 മിനിറ്റിലും ഒരു സ്ത്രീയോ പെൺകുട്ടിയോ കൊല്ലപ്പെടുന്നുണ്ടെന്ന് ഐക്യരാഷ്ട്രസഭയുടെ

RNU TVPM

റിപ്പോർട്ട്. യുണൈറ്റഡ് നേഷൻസ് ഓഫീസ് ഓൺ ഡ്രഗ്സ് ആന്റ് ക്രൈം ഉം UN Women-ഉം ചേർന്നാണ് സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ ഇല്ലാതാക്കുന്നതിനുള്ള അന്താരാഷ്ട്ര ദിനത്തിൽ റിപ്പോർട്ട് പുറത്തിറക്കിയത്. 2024-ൽ 83,000 സ്ത്രീകളും പെൺകുട്ടികളും കൊല്ലപ്പെട്ടതായി റിപ്പോർട്ട് വ്യക്തമാക്കുന്നു . ഇതിൽ 60 ശതമാനം

പേരും കൊല്ലപ്പെട്ടത് പങ്കാളികളുടെയോ കുടുംബാംഗങ്ങളുടെയോ കൈകൊണ്ടാണ്. ആഫ്രിക്കയിലാണ് ഏറ്റവും ഉർന്ന സ്ത്രീഹത്യ നിരക്ക് രേഖപ്പെടുത്തിയത്, അമേരിക്കയാണ് രണ്ടാംസ്ഥാനത്ത്.

ന്യൂസ് ഡസ്ക് ആകാശവാണി....

## നടിയെ ആക്രമിച്ച കേസ്

നടിയെ ആക്രമിച്ച കേസിലെ വിധി ഡിസംബർ 8ന് പറയും. എറണാകുളം പ്രിൻസിപ്പൽ സെഷൻസ് കോടതി ജഡ്ജിയാണ് കേസിൽ

RNC TVPM

വിധി പറയുന്നത്. കേസിൽ, നടൻ ദിലീപ് എട്ടാം പ്രതിയാണ്. 2017 ഫെബ്രുവരിയിലാണ് കൊച്ചിയിൽ ഓടിക്കൊണ്ടിരുന്ന വാഹനത്തിൽ നടി ആക്രമിക്കപ്പെട്ടത്.

❁❁❁❁❁❁❁❁❁❁❁❁❁

## സംവിധാൻ ദിവസ്

രാജ്യം നാളെ സംവിധാൻ ദിവസ് ആഘോഷിക്കും. ഹമാര സംവിധാൻ- ഹമാര സ്വാഭിമാൻ എന്നതാണ് ഈ വർഷത്തെ പ്രമേയം. ന്യൂഡൽഹി സംവിധാൻ സദനിലെ സെൻട്രൽ ഹാളിൽ നാളെ നടക്കുന്ന സംവിധാൻ ദിവസ് പരിപാടിയിൽ രാഷ്ട്രപതി ദ്രൗപദി മുർമ്മു, ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി, ലോക്സഭാ സ്പീക്കർ ഓം ബിർല, കേന്ദ്ര മന്ത്രിമാർ, എംപിമാർ തുടങ്ങിയവർ പങ്കെടുക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## നാവികസേനാ ബാൻഡ്(ഇൻഡ്രോ)

RNU TVPM

നാവിക ദിനാഘോഷങ്ങളുടെ ഭാഗമായി, ഇന്ത്യൻ നാവികസേനാ ബാൻഡ്, നാളെ തിരുവനന്തപുരത്ത് സംഗീത വിരുന്ന് സംഘടിപ്പിക്കുന്നു. നിശാഗന്ധി ഓഡിറ്റോറിയത്തിൽ നടക്കുന്ന പരിപാടിയിൽ സംസ്ഥാന സർക്കാരിൽ നിന്നും സായുധ സേനയിൽ നിന്നുമുള്ള നിരവധി പ്രമുഖർ പങ്കെടുക്കും. പ്രവേശനം സൗജന്യമായിരിക്കും.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി***

***(വോയിസ്)***

RNU TVPM

## മുണ്ടിനീര്

ആലപ്പുഴ മണ്ണഞ്ചേരി ഗവ. ഹൈസ്കൂളിലെ എൽ പി സെക്ഷനിൽ മുണ്ടിനീര് രോഗം സ്ഥിരീകരിച്ചതിനാൽ സ്കൂളിലെഎൽ പി സെക്ഷന് നാളെ മുതൽ 21 ദിവസം അവധി നൽകി ജില്ലാ കളക്ടർ ഉത്തരവായി. ഈ ദിവസങ്ങളിൽ ക്ലാസുകൾ ഓൺലൈനായി

നടത്തുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ നിർവ്വഹിക്കണമെന്നും കളക്ടർ നിർദേശിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

**ഇടുക്കി (ഇൻട്രോ)**

മൂന്നാറിലെ കെഎസ്ആർടിസി ഡബിൾഡെക്കർ ബസ് വൻ ഹിറ്റ്. ഒൻപത് മാസത്തിനുള്ളിൽ ഒരു കോടിയിലധികം രൂപയുടെ കളക്ഷനാണ് മൂന്നാറിലെ ഡബിൾഡെക്കർ ബസ് സർവ്വീസിലൂടെ കെ.എസ്.ആർ.ടി.സി നേടിയത്.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.........***

***(വോയിസ്)***

❁❁❁❁❁❁❁❁❁❁❁❁❁

**മഴ കേരളം**

സംസ്ഥാനത്ത് വിവിധ ജില്ലകളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം

PNU,TVPM

ജില്ലയിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. നാളെ തിരുവനന്തപുരം, കൊല്ലം,പത്തനംതിട്ട ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ള പശ്ചാത്തലത്തിൽ കേരള - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മുതൽ ശനിയാഴ്തച വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

❁❁❁❁❁❁❁❁❁❁❁❁❁

**നെയ്യാർ**

തിരുവനന്തപുരം നെയ്യാർ നദിയിൽ ജലനിരപ്പ് അപകടകരമായ രീതിയിൽ ഉയർന്നതിനെ തുടർന്ന് കേന്ദ്ര ജലകമ്മിഷൻ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. നദീ തീരത്തുള്ളവർ ജാഗ്രത പാലിക്കണം. നദികളിൽ ഇറങ്ങാനോ നദി മുറിച്ചു കടക്കാനോ പാടില്ലെന്നും നിർദേശം.

❁❁❁❁❁❁❁❁❁❁❁❁❁

**വനിതാ ട്വന്റി 20**

RNU TVPM

അണ്ടർ 23 വനിതാ ട്വന്റി 20 ചാമ്പ്യൻഷിപ്പിൽ കേരളത്തിന് തുടർച്ചയായ രണ്ടാം ജയം. ഝാർഖണ്ഡിനെ നാല് വിക്കറ്റിനാണ് കേരളം പരാജയപ്പെടുത്തിയത്. ആദ്യം ബാറ്റ് ചെയ്ത ഝാർഖണ്ഡ് 20 ഓവറിൽ എട്ട് വിക്കറ്റ് നഷ്ടത്തിൽ 75 റൺസെടുത്തു. മറുപടി ബാറ്റിങ്ങിന് ഇറങ്ങിയ കേരളം 17 പന്തുകൾ ബാക്കി നിൽക്കെ ലക്ഷ്യത്തിലെത്തി.

RNUTVPM